**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2081** — **09-12-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനത്തിനായി D.P.R. തയ്യാറാക്കുന്നതിന് മുന്നോടിയായി KIIFB യുടെ Consultant ആയ IFC എന്ന സ്ഥാപനത്തിനെ feasibility study നടത്തുന്നതിനായി ഏൽപ്പിച്ചിട്ടുണ്ട്. Feasibility study പൂർത്തിയായി DPR ലഭിച്ചതിന് ശേഷം ഇക്കാര്യത്തിൽ KIIFBയുടെ സഹായത്തോടെ പുതിയ പ്രപ്പോസലുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിയോജക മണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും സമഗ്ര വികസന ത്തിനായുള്ള ഒരു ബൃഹത് പദ്ധതിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന കാരണത്താൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കപ്പെട്ടിരുന്നു എന്നാൽ ഈ പദ്ധതി അനിശ്ചിതമായി നീളുന്നതിനാൽ ഡിപ്പോ കെട്ടിടത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് നിയോജക മണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നേരത്തേ സമർപ്പിക്കപ്പെട്ട പ്രൊപ്പോസൽ പുന:പരിശോധിക്കുന്നതിന് തയ്യാറാകുമോയെന്ന് വിശദമാക്കുമോ? | (ബി) | എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപയ്ക്ക് Canteen Building പൊളിച്ചു മാറ്റി പുതിയ 2 നില കെട്ടിടം സ്ഥാപിക്കുന്നതിനുള്ള estimate തയ്യാറാക്കിയിട്ടുണ്ടെങ്കിലും, Canteen building പൊളിച്ചുമാറ്റി പുതിയ 2 നില കെട്ടിടം നിർമ്മിക്കുന്നത് ഡിപ്പോയുടെ പുതിയ പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തനത്തിന് തടസ്സമായി കാണുന്നു. കൊല്ലം മാസ്റ്റർ പ്ലാൻ അടിസ്ഥാനപ്പെടുത്തി സമഗ്ര വികസനത്തിന് നൽകുന്ന പദ്ധതിയാണ് പുതിയ പ്രൊപ്പോസൽ വഴി KSRTC വിഭാവനം ചെയ്യുന്നത്. KSRTC ഡിപ്പോകളുടെ ആധുനികവത്കരണത്തിന് അനുസൃതമായും അഷ്ടമുടികായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന കൊല്ലം ഡിപ്പോയിൽ ടൂറിസം വികസന സാധ്യതകളും വാണിജ്യ സാധ്യതകളും കൂടി സമന്വയിപ്പിച്ച് നവീകരണം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് പുതിയ പ്രൊപ്പോസലുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ